# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1140 06.02.2020 ൽ മറുപടിക്ക്**

**നിലമ്പൂർ നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന റോഡുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി. അൻവർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് സർക്കാരിന്റെ ധനാനുമതി ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) | ഇല്ല. നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനയ്ക്കുശേഷം വരുത്തിയ തിരുത്തലുകൾ ഉൾപ്പെടെ പുനർ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കാത്തപക്ഷം മറ്റേതെങ്കിലും ഫണ്ടുകൾ ഉപയോഗിച്ച് നാട്ടുകാണി സംസ്ഥാന അതിർത്തി മുതൽ വടപുറം പാലം വരെയുള്ള ഭാഗം ഉപരിതലം ബി.എം.&ബി.സി. ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | | |
| (സി) | 2019 ലെ പ്രളയത്തിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ വടപുറം, ജ്യോതിപ്പടി, ജനതപ്പടി,താഴെചന്തക്കുന്ന്, വെളിയംതോട്, കരിമ്പുഴ, മുട്ടിക്കടവ്, മാമ്പൊയിൽ, മുപ്പിനി, എടക്കര, വഴിക്കടവ് കെട്ടുങ്ങൽ എന്നീ സ്ഥലങ്ങളിൽ ഉണ്ടായ വെള്ളക്കെട്ടുമൂലം റോഡുകൾ ഗതാഗത യോഗ്യമല്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.മേൽ സ്ഥലങ്ങളിൽ എല്ലാംതന്നെ റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.ജോതിപ്പടി, ജനതപ്പടി, താഴെചന്ത ക്കുന്ന് എന്നിവടങ്ങളിൽ റോഡ് ഉയർത്തുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | മഴ കഴിഞ്ഞാലുടൻ തീരെ ഗതാഗത യോഗ്യമല്ലാത്ത വെളിയംതോട് മുതൽ നിലമ്പൂർ കോടതിപ്പടി വരെയുള്ള ഭാഗം അടിയന്തിര അറ്റകുറ്റപണി നടത്തുമോ; വിശദമാക്കാമോ? | (ഡി) | താല്ക്കാലിക അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. DFIP നാട്ടുകാണി - പരപ്പനങ്ങാടി റോഡിന്റെ പ്രസ്തുതഭാഗം പൂർണ്ണമായി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റിന് അനുമതി ലഭ്യമാകുന്ന മുറക്ക് റോഡ് പൂർണ്ണ മായും നവീകരിക്കുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**